LIBRARY ARCHIVES Kerala Legislative Assembly

## വയനാട് മക്കിമലയിൽനിന്നും ഈട്ടിമരം മുറിച്ചുകടത്തിയെന്ന ആക്ഷേപം

**126 (5208)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് മക്കിമലയിലെ ആദിവാസി കുടുംബങ്ങൾക്ക് പതിച്ച് നൽകാൻ തീരുമാനിച്ച ഭൂമിയിൽ നിന്ന് ഈട്ടിമരം മുറിച്ചു കടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് മക്കിമലയിൽ ഭൂമി പതിച്ചു നൽകാൻ തീരുമാനിച്ചിട്ടില്ല.

(ബി) ബാധകമല്ല.

## റവന്യൂ പുറമ്പോക്ക് ഒഴിപ്പിക്കൽ

**127 (5209)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ പുറമ്പോക്കുകൾ ഒഴിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ;

(ബി) 1-7-2011 മുതൽ 30-6-2015 വരെ എത്ര അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട് ; ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ ;

(സി) റവന്യൂ പുറമ്പോക്ക് ഒഴിയണം എന്നാവശ്യപ്പെട്ട് പാലക്കാട് ജില്ലയിൽ എത്രപേർക്ക് നോട്ടീസ് നൽകിയിട്ടുണ്ട് ; വില്ലേജടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## കേന്ദ്ര/സംസ്ഥാന കൈവശ ഭൂമി

**128 (5210)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര/സംസ്ഥാന കൈവശ ഭൂമിയിലുള്ള സംസ്ഥാന സർക്കാർ വക ഭൂമി (റവന്യൂ പൊതുമരാമത്ത് ഭാഗങ്ങളിലെ)യും സംസ്ഥാന കേന്ദ്ര സർക്കാർ അധീനതയിലുള്ള വനഭൂമിയും അനധികൃതമായി കൃത്രിമരേഖകൾ ചമച്ച് വ്യക്തികൾ/ സ്ഥാപനങ്ങൾ/ ആരാധനാ സ്ഥാപനങ്ങൾ എന്നിവയുടെ പേരിൽ അനധികൃതമായി കൈവശം വച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;